**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4339** **06-03-2023 - ൽ മറുപടിയ്ക്ക്**

**കെൽട്രോണിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കെൽട്രോണിന് 1000 കോടി രൂപയുടെ വിറ്റുവരവ് നേടുന്നതിനുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ; | (എ) | **കെൽട്രോണിന് 1000 കോടി രൂപയുടെ വിറ്റുവരവ് നേടുന്നതിനായി Traffic Enforcement / Traffic Management / Smart Classrooms, IT അധിഷ്ഠിത സേവനങ്ങൾ / Smart City / Surveillance System എന്നീ മേഖലയിൽ ഊന്നൽ നൽകിയുള്ള പദ്ധതികളാണ് പ്രധാനമായും വിഭാവനം ചെയ്തിട്ടുള്ളത്. മേൽ സൂചിപ്പിച്ച പദ്ധതികളിലെ പ്രവർത്തന മേഖല മറ്റു സംസ്ഥാനങ്ങളിലേയ്ക്കും വ്യാപിപ്പിക്കാനാണ് കെൽട്രോൺ ലക്ഷ്യമിടുന്നത്. ഇതിനായി കെൽട്രോണിന്റെ കീഴിലുള്ള മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |
| (ബി) | സബ്സിഡിയറി സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള കെൽട്രോൺ സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർ മുതൽ ഉന്നത, മിഡിൽ ലെവൽ മാനേജ്മെന്റ് സംവിധാനത്തിലെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കെൽട്രോണിന്റെയും അനുബന്ധ കമ്പനികളിലെയും ഉന്നത, മിഡിൽ ലെവൽ മാനേജ്മെന്റ് സംവിധാനത്തിലെ കുറവ് പരിഹരിക്കുന്നതിന് കാലാനുസൃത-മായുള്ള തസ്തികകൾ ഉൾപ്പെടുത്തി സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് പഠനം നടത്തി ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാരിൽ പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് സർക്കാർ പുതുതായി ആവിഷ്കരിച്ച കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ & റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | കെൽട്രോൺ മൺവിള യൂണിറ്റുമായി ബന്ധപ്പെട്ട് സേഫ് കേരള പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നും ആയതിന്റെ വരുമാനം ലഭിക്കുന്നുണ്ടോയെന്നും സംബന്ധിച്ച വിശദാംശം നൽകാമോ; | (സി) | സേഫ് കേരള പദ്ധതിയുടെ ഭാഗമായ " Fully Automated Traffic Enforcement System” എന്ന പദ്ധതി കെൽട്രോൺ പൂർത്തിയാക്കി-യിട്ടുണ്ടെങ്കിലും സമഗ്രമായ ഭരണാനുമതി ലഭിക്കേണ്ടതിനാൽ പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. |

| | | | |
|---|---|---|---|
| | | | ആയതിനാൽ പ്രസ്തുത പദ്ധതിയിൽ നിന്നും വരുമാനം ലഭിച്ചു തുടങ്ങിയിട്ടില്ല. |
| (ഡി) | മൂടാടി കെൽട്രോൺ ലൈറ്റിംഗ് ഡിവിഷനിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം ഉപയോഗപ്പെടുത്തി വ്യവസായ പാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ; | (ഡി) | മാസ്റ്റർ പ്ലാനിന്റെ ഭാഗമായി വരുന്ന വികസന പ്രവർത്തനങ്ങളിൽ ചിലത് മൂടാടി കെൽട്രോൺ യൂണിറ്റിൽ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള സാധ്യതാ പഠനം നടന്നുവരുന്നു. ജലലഭ്യത കൂടി കണക്കിലെടുത്ത് മാത്രമേ പുതിയ പദ്ധതികൾ പ്രസ്തുത യൂണിറ്റിൽ ആരംഭിക്കുവാൻ കഴിയുമോ എന്ന കാര്യം തീരുമാനിക്കുവാൻ കഴിയുകയുള്ളൂ. |
| (ഇ) | കെൽട്രോൺ കണ്ണൂർ യൂണിറ്റുമായി ബന്ധപ്പെട്ട നവീകരണ വികസന പദ്ധതികൾക്ക് അനുവദിച്ച സാമ്പത്തിക സഹായം സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ; | (ഇ) | കെൽട്രോൺ കണ്ണൂർ യൂണിറ്റുമായി ബന്ധപ്പെട്ട നവീകരണ വികസന പദ്ധതികൾക്ക് അനുവദിച്ച സാമ്പത്തിക സഹായം സംബന്ധിച്ച വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (എഫ്) | കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് അഭ്യർത്ഥിച്ചിരുന്ന മൂന്നര കോടി രൂപയുടെ ധനസഹായം പൂർണ്ണമായും അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ബാക്കിത്തുക അനുവദിക്കുന്നത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ? | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെൽട്രോൺ ഇലക്ട്രോ സെറാമിക്സിന് 2022-23 ബഡ്ജറ്റിൽ 1 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| സാമ്പത്തിക വർഷം | പദ്ധതി | തുക | ആകെ തുക |
|---|---|---|---|
| 2019 – 20 | കെ പി പി നമ്പ്യാർ ഇലക്ട്രോണിക്സ് റിസർച്ച് & ഡെവലപ്മെന്റ് സെന്റർ | 200 | 400 |
| | കപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രത്തിന്റെ നവീകരണവും വിപുലീകരണവും | 200 | |
| 2020 – 21 | കപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രത്തിന്റെ നവീകരണവും വിപുലീകരണവും | 115.57 | 127.63 |
| | സൂപ്പർ കപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രം | 12.06 | |
| 2021 – 22 | സൂപ്പർ കപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രം | 737.94 | 1022.37 |
| | കപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രത്തിന്റെ നവീകരണവും വിപുലീകരണവും | 284.43 | |
| 2022 – 23 (01.03.2023 വരെ) | കപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രത്തിന്റെ നവീകരണവും വിപുലീകരണവും | 200 | 200 |
| **ആകെ** | | | **1750** |

സെക്ഷൻ ഓഫീസർ